പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3374*** ***22.08.2017 ലെ മറുപടിക്ക്.***

## പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുൽ ഹമീദ്. പി | ശ്രീ. പിണറായി വിജയൻ<br>***(മുഖ്യമന്ത്രി)*** |
| പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന താഴെപറയുന്ന ക്ഷേമപദ്ധതികളും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>**സാന്ത്വന പദ്ധതി** -<br><br>തിരികെയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാ ശ്വാസ നിധിയായ. സാന്ത്വന പദ്ധതി 2005 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>**കാരുണ്യം പദ്ധതി** -<br><br>പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേക്ക് കൊണ്ടു വരുന്നതിനുള്ള പദ്ധതി. ടി പദ്ധതിയിലൂടെ, മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമായ അവകാശിക്ക് ധനസഹായം നൽകി വരുന്നു. അന്യ സംസ്ഥാനത്ത് നിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് 15,000/- രൂപയും വിദേശത്ത് നിന്നും മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പരമാവധി 50,000/- രൂപയുമാണ് നൽകിവരുന്നത്. |

**പെൻഷൻ പദ്ധതി-**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2014 സെപ്റ്റംബർ മാസം മുതൽ പ്രവാസികൾക്കുള്ള പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരിൽ നിന്നും 4925 പേർക്ക് പെൻഷൻ നല്കി വരുന്നു.

**വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം -**

വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ ദൃശ്യ ശ്രാവ്യ പത്ര മാധ്യമങ്ങളിലൂടെ നൽകുന്നതിനായി, സർക്കാരിന്റെ പി. ആർ. ഡി, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസികൾ മുഖേന ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരിച്ചു വന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി -**

തൊഴിൽ രഹിതരായി തിരികെ എത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

**എൻ. ബി. എഫ്. സി**

പ്രവാസികളിൽ നിക്ഷേപം നടത്തുവാനും സംരംഭം തുടങ്ങുവാനും താല്പര്യമുള്ളവർക്ക് സംരംഭമേഖലയെകുറിച്ച് സമഗ്രമായ സഹായം നല്കുന്നതിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു

**സ്വപ്ന സാഫല്യം**

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്ന പദ്ധതിയാണിത്.

**കോൾ സെന്റർ**

നോർക്ക വകുപ്പ്, നോർക്ക റൂട്ട്സ്, ഇവയുടെ കീഴിൽ വരുന്ന മറ്റ് ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും ഒരു കോൾ സെന്റർ പ്രവർത്തിക്കുന്നു.

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്ക് അവരുടെ വിദ്യാഭ്യാസ/ വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റിൽ എച്ച്.ആർ.ഡി അറ്റസ്റ്റേഷൻ, എം.ഇ.എ. അറ്റസ്റ്റേഷൻ, പോകുന്ന രാജ്യത്തിന്റെ എംബസി അറ്റസ്റ്റേഷൻ എന്നിവ നോർക്ക് റൂട്ട്സിൽ വളരെ കുറഞ്ഞ സർവ്വീസ് ചാർജ്ജിൽ ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബെയ്സ് രൂപീകരണവും പദ്ധതി**

പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളേയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസ് നോർക്ക റൂട്ട്സ് മുഖേന രൂപീകരിക്കുന്നതിനുള്ള പദ്ധതിക്കായി ഭരണാനുമതി നല്കിയിട്ടുണ്ട്.

**<u>എൻ. ആർ. കെ ഐ. ഡി കാർഡ്/പ്രവാസി ഐ.ഡി കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)</u>**

പ്രവാസികൾക്ക് വിതരണം ചെയ്യുന്ന ഐ. ഡി കാർഡിനായുള്ള അപേക്ഷകളിൽ വർദ്ധന ഉണ്ടായതു മൂലം ഉണ്ടായ പരാതികൾ തീർപ്പാക്കുന്നതിനായി പ്രവാസി അസോസിയേഷനുകൾ വഴി ലഭ്യമായ എല്ലാ അപേക്ഷകളും കുടുംബശ്രീയുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് കാർഡ് പ്രിന്റ് ചെയ്ത് നൽകി വരുന്നു.

കൂടാതെ കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുക ളിൽ നിന്നും അവരുടെ വീട്ടിലേക്കോ/ ആശുപത്രികളിലേക്കോ സൗജന്യമായി എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സേവനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ